**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 542** **23-02-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലയളവിൽ സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെയാണ് ലാഭത്തിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ളതും 2016-21 കാലയളവിന്റെ അവസാന സാമ്പത്തിക വർഷമായ 2020-21-ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതുമായ കെ.സി.സി.പി ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, മാൽക്കോടെക്സ് എന്നീ സ്ഥാപനങ്ങൾ 2021-2022 ഏപ്രിൽ മുതൽ ജനുവരി വരെയുള്ള ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം പ്രവർത്തന ലാഭത്തിലാണ്. 2022 മാർച്ച് മാസത്തിനു ശേഷം മാത്രമേ 2021-22 സാമ്പത്തിക വർഷത്തെ സ്ഥാപനങ്ങളുടെ യഥാർത്ഥ സ്ഥിതിവിവരകണക്കുകൾ ലഭ്യമാവുകയുള്ളൂ. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി നിശ്ചിത ഇടവേളയിൽ അവലോകനം ചെയ്ത് വരുന്നുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേകം അവലോകനം ചെയ്ത് വരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനായി അതാത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നൂതന ഇ-ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ